# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.18</u> <u>06.01.2014 ൽ മറുപടിയ്ക്ക്</u>

## മുഖ്യമന്ത്രിയുടെ രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടി

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആകെ എത്ര പരാതികൾ ലഭിക്കുകയുണ്ടായി; ആയതിൽ എത്രയെണ്ണം നാളിതുവരെ തീർപ്പാക്കി; ബാക്കി എത്ര പരാതികൾ തീർപ്പാക്കാൻ അവശേഷിക്കുന്നു; ആയതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചു; അതുവഴി എന്തു തുക അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>ബി) ഒന്നാം ജനസമ്പർക്കപെരിപാടിക്കു ലഭിച്ച എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്; ജില്ലതിരിച്ചു വ്യക്തമാക്കുമോ;<br><br>സി) രണ്ടാം ജനസമ്പർക്കപെരിപാടിക്കായി പരസ്യയിനത്തിൽ 14 ജില്ലകളിലും പത്ര - ദൃശ്യമാധ്യമങ്ങൾക്കു ചെലവഴിച്ച തുക ലഭ്യമാക്കുമോ; | <u>എ),(ബി),(സി),(ഡി),(ഇ),(എഫ്) & (ജി)</u><br>രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ഓൺലൈനായി 1,29,427 അപേക്ഷകൾ ഉൾപ്പെടെ മൊത്തം 3,17,927 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നേരിട്ട് ലഭിച്ച അപേക്ഷകളുടെ വിവരം ഉൾപ്പെടെയുള്ള മറ്റു വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |

| | |
|---|---|
| ഡി) പ്രസ്തുത പരിപാടിയ്ക്കായി പന്തൽ, ഭക്ഷണം മറ്റുളളവ എന്നിവക്കായി ആകെ എന്തു തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ;<br><br>ഇ)പ്രസ്തുത പരിപാടി നടത്തിപ്പിനായി ഓരോ ജില്ലയിലും ലഭ്യമാക്കിയ പോലീസുകാർ എത്ര; ഇവരുടെ പദവി ഉൾപ്പെടെ വിശദമാക്കുമോ;<br><br>എഫ്) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കഴിഞ്ഞതിനുശേഷവും പ്രസ്തുത പരിപാടിയെ സംബന്ധിച്ച് ഡൽഹി കേന്ദ്രീകരിച്ച് 'ടൈംസ് ഓഫ് ഇൻഡ്യ' ഉൾപ്പെടെയുള്ള ഇംഗ്ലീഷ് പത്രങ്ങൾക്ക് പരസ്യയിനത്തിൽ എന്തു തുക ചെലവഴിച്ചു; ഡൽഹി കേന്ദ്രീകരിച്ചുളള ഏതൊക്കെ പത്ര-ദൃശ്യമാധ്യമങ്ങൾക്ക് ഈയിനത്തിൽ എന്തു തുക നൽകി; വ്യക്തമാക്കുമോ;<br><br>ജി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഉൾപ്പെടെയുളള മന്ത്രിമാർ ഓരോരുത്തരും റ്റി.എ/ഡി.എ ഇനത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | |

Kutakuh

സെക്ഷൻ ഓഫീസർ